**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4551** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ മികച്ച നിലവാരത്തിലുള്ള സംസ്ഥാനമാക്കി മാറ്റുന്നതിലും അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക, സഹകരണ മേഖലയെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയും വിവിധ മേഖലകളിൽ പ്രസ്തുത പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് 07.06.2024 ലെ 1829 -ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024 ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07.06.2024 ലെ No. 142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>സമഗ്ര ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്റ്റിന്റെ |

ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി ആതുര ശുശ്രൂഷ, ഉപഭോക്തൃ മേഖല, വിദ്യാഭ്യാസം, കാർഷിക മേഖല, വനിത, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, അടിസ്ഥാന വികസനം തുടങ്ങിയ എല്ലാ മേഖലകളേയും ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 13442.00 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്.

കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാ പ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകി കൊണ്ട് 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക

വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)). കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനത്തിലും, സംഭരണത്തിലും, വിപണനത്തിലുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളേയും ടി പദ്ധതിയിലൂടെ പരിപോഷിപ്പിക്കുന്നുണ്ട്. 2024- 25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്തെയും, സഹകരണ മേഖലയുടെയും സുസ്ഥിര വികസനത്തിനും, വളർച്ചക്കും, കേരള ബാങ്ക് രൂപീകരണത്തിലൂടെ സാദ്ധ്യമായിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം 2022 ഡിസംബർ മാസത്തോടെ നിലവിൽ വന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ UPI സേവനങ്ങൾ, ATM, IMPS, Bill Payment, AADHAR Enabled Payment System, RTGS, NEFT, CTS, NACH, ECS, PFMS, PBT, Micro ATM മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്.

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി.

സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതി മുഖേന വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു. ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപികരിച്ചു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപികരിക്കുകയുണ്ടായി. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുകയുണ്ടായി.

കേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫൈഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി പ്രൊഫഷണൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റിയും രൂപികരിക്കുകയുണ്ടായി.

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

സഹകരണ മേഖലയിൽ വനിതകളെ മുന്നോട്ട് കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ കോട്ടയം,കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ മൂന്നു യുവവനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശമായി 27.08.2021 തീയതിയിൽ 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം.

സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ

സഹകരണ വകുപ്പ് ആവിഷ്കരിച്ച " ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkeralaസർട്ടിഫിക്കേഷൻ മാർക്കോടുകൂടിയ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി.

കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം, ഹോസ്പിറ്റാലിറ്റി, ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖാന്തിരം വ്യക്തികൾക്ക് വീട്ടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷാ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരമാവധി " സഹായ ഹസ്തം" എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി .

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജിവിപ്പിക്കുകയും, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി രൂപികരിക്കുന്നതിന് സർക്കാർ 18.04.2023 ന്

| | | | |
|---|---|---|---|
| | | | സ. ഉ.(സാധാ) നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രവർത്തിക്കുന്ന ഓരോ സംഘത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്താനും സാമ്പത്തിക കാര്യങ്ങളിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് 07.06.2024 ലെ 1829 -ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024 ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07.06.2024 ലെ No. 142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>സമഗ്ര ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സഹകരണ മേഖലയിലെ ചില ഒറ്റപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ |

| | | | |
|---|---|---|---|
| | | | പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ